# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5698 02.07.2014 - ൽ മറുപടിക്ക്

## ചിറകളിലെയും പാറമടകളിലെയും വെള്ളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. പി.എ. മാധവൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) ചിറകളിലെയും പാറമടകളിലെയും വെള്ളം ശുദ്ധീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളമായി നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) ചിറകളിലെ ജലം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിൽ പുല്ലമ്പാറ പഞ്ചായത്ത് - പാലക്കുന്ന് ചിറ
2. തൃക്കളത്തൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - തൃക്കളത്തൂർ ചിറ.
3. തൂലംകുഴി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - തൂലംകുഴി ചിറ.
4. കോട്ടപ്പടി ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - കോട്ടപ്പടി നൂലേരി ചിറ
5. ചെളിയാഴിത്തണ്ട് - കോട്ടച്ചിറ
6. പീച്ചിങ്ങ ചിറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
7. നിപാമല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
8. മങ്ങാട്ടൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

പത്തനംതിട്ട ജില്ലയിൽ പ്രമാടം പഞ്ചായത്തിൽ പ്ലാക്കൽ പാറമടയുടെ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനു വേണ്ടി ഒരു പദ്ധതി പത്തനംതിട്ട ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കി വരുന്നു. അങ്കമാലി നിയോജക മണ്ഡലത്തിലെ

അയ്യമ്പുഴയിൽ പാറമടയിൽ നിന്നും കുടിവെള്ളം നൽകുന്നതിനായി ഒരു മൈക്രോ വാട്ടർ ശുദ്ധീകരണശാല സ്ഥാപിച്ചിട്ടുണ്ട്. സ്കിഡ് മൗണ്ടഡ് മൂവബിൾ ടൈപ്പ് പ്ലാന്റ് ഉപയോഗിച്ച് വെള്ളം ശുദ്ധീകരിച്ച് പമ്പ് ചെയ്ത് കുടിവെള്ളമെത്തിക്കുന്നതാണ് പദ്ധതി.

(ബി) ഇതിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ എന്താണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പാറമടയിലെ വെള്ളം ശുദ്ധീകരിക്കുന്നതിന് മൈക്രോ ഫിൽട്രേഷൻ സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. മെഷ് സ്ട്രൈയിനേർസ്, ഗ്രാനൈറ്റ് ഫിൽറ്റർ മീഡിയ, ആക്ടിവേറ്റഡ് കാർബൺ ഗ്രാന്യൂൾസ്, ക്ലോറിൻ ഡ്രെസിങ് യൂണിറ്റ്, സെമി ആട്ടോ ഡിസ്ക് മൈക്രോ ഫിൽട്ടർ, മാഗ്നെറ്റിക് നാച്ചുറൽ വാട്ടർ കണ്ടീഷണർ എന്നീ ഘടകങ്ങൾ ഉപയോഗിച്ചാണ് ജലം ശുദ്ധീകരിക്കുന്നത്. ചിറകളിലെ ജലം അണുവിമുക്തമാക്കുന്നതിനായി ഫിൽറ്റർ ചെയ്ത് ക്ലോറിനേറ്റ് ചെയ്താണ് വിതരണം ചെയ്യുന്നത്. കൂടാതെ മൈക്രോ ഫിൽറ്റർ സംവിധാനം ഉപയോഗിച്ചും ജലം ശുദ്ധീകരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) അയ്യമ്പുഴ പാറമടയിൽ നിന്നുള്ള ജലം ശുദ്ധീകരിക്കുവാൻ ഹൈദ്രബാദിലെ സ്മാർട്ട് അക്വാടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സേവനമാണ് ഉപയോഗിച്ചത്. എസ്.ഡി.ആർ.എഫ്. ഫണ്ടുപയോഗിച്ച് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറുന്നു.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) അയ്യമ്പുഴയിൽ ഒരു മൈക്രോ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ